വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും പുനരുദ്ധാരണ പദ്ധതികൾക്കായി അനുവദിച്ച തുക

8 (3567) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം കഴിഞ്ഞ 2 വർഷങ്ങളിൽ ഓരോ നിയോജക മണ്ഡലത്തിലും വിവിധ പുനരുദ്ധാരണ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

നാശനഷ്ടത്തിന്റെ സ്വഭാവം, അടിയന്തര പുനരുദ്ധാരണത്തിന്റെ പ്രാധാന്യം, ഫണ്ടിന്റെ ലഭ്യത ഇവ കണക്കിലെടുത്ത് ഭരണാനുമതി നൽകുന്നു. തുക അനുവദിക്കുന്നത് ജില്ലാ അടിസ്ഥാനത്തിലാണ്. അല്ലാതെ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല.

റിവർ മാനേജ്മെന്റ് ഫണ്ട്

9 (3568) ശ്രീ. അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് ഫണ്ടിൽ നാളിതുവരെ എത്ര തുക സംഭരിക്കാൻ സാധിച്ചിട്ടുണ്ട് ;

(ബി) ഈ തുക ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നത് ; ഓരോ ജില്ലയിലും പ്രസ്തുത ഫണ്ടിൽ നിന്ന് ലഭിച്ച തുകയും ചെലവഴിച്ച തുകയും ഇനം തരിച്ച് ലഭ്യമാക്കാമോ ;

(സി) പത്തനംതിട്ട ജില്ലയിൽ ഇത്തരം തുക ഓരോ വർഷവും ഏതു വിധത്തിലാണ് ചെലവഴിച്ചത് ;

(ഡി) ഏതെല്ലാം പ്രദേശങ്ങളിൽ എന്തെല്ലാം കാര്യങ്ങൾക്ക് എത്ര തുക വീതമാണ് ഇതു വഴി ചെലവഴിച്ചതെന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് നൽകാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ചട്ടങ്ങൾ

10 (3569) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് എന്തൊക്കെ നദീ സംരക്ഷണ പ്രവർത്തനങ്ങളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ; ഇത് സംബന്ധിച്ച് ഓരോ നദിയിലും നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ഉൾപ്പെടെയുള്ള വിവരങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly